LIBRARY ARCHIVES Kerala Legislative Assembly

ഇന്ദിര ആവാസ് യോജന

48 (1481) ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഇന്ദിര ആവാസ് യോജന പദ്ധതി പ്രകാരം ഗുണഭോക്താക്കൾക്ക് സർക്കാർ വിഹിതം നൽകാത്തതിനാൽ എത്ര വീടുകളുടെ നിർമ്മാണം മുടങ്ങിയിട്ടുണ്ട്;

(ബി) പ്രസ്തുത വീടുകളുടെ നിർമ്മാണം പൂർത്തീകരിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കും ;

(സി) പ്രസ്തുത ഭവനങ്ങളുടെ നിർമ്മാണത്തിന് ബാങ്കുകളിൽ നിന്നും സർക്കാർ ഉറപ്പിൽ വായ്പ എടുക്കുന്നതിന് തദ്ദേശഭരണ സ്ഥാപനങ്ങളെ അനുവദിക്കുന്നതിനുള്ള നിർദ്ദേശം ധനവകുപ്പ് അംഗീകരിക്കാത്തതിനാൽ ബാങ്ക് വായ്പ ലഭ്യമാകാത്ത സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ?

ഉത്തരം

(എ) ഇന്ദിര ആവാസ് യോജനയുടെ കേന്ദ്ര വിഹിതം ലഭ്യമാകുന്ന മുറയ്ക്ക് സംസ്ഥാന വിഹിതം കൃത്യമായി നൽകുന്നുണ്ട്.

(ബി) ബാധകമല്ല.

(സി) ഇന്ദിര ആവാസ് യോജനയുടെ യൂണിറ്റ് കോസ്റ്റ് 2 ലക്ഷവും (എസ്സി. ജനറൽ) 2.5 ലക്ഷവും (എസ്റ്റി) ആക്കി സംസ്ഥാന സർക്കാർ വർദ്ധിപ്പിച്ചതുമൂലമുണ്ടായ അധിക ബാദ്ധ്യത പരിഹരിക്കുന്നതിന് സഹകരണ ബാങ്കുകളിൽനിന്നും വായ്പ എടുക്കുന്നതിന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളോട് നിർദ്ദേശിച്ചത് 2011-12-ലാണ്. അതനുസരിച്ച് വിവിധ ബ്ലോക്ക് പഞ്ചായത്തുകൾ ആകെ 50.8 കോടി രൂപ വിവിധ സഹകരണ ബാങ്കുകളിൽ നിന്നും വായ്പയെടുത്തിട്ടുണ്ട്.

മലയോര വികസന ഏജൻസി

49 (1482) ശ്രീ. ഇ. പി. ജയരാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കണ്ണൂർ ജില്ലയിലെ ഏതെല്ലാം പഞ്ചായത്തുകളെയാണ് നിലവിൽ മലയോര വികസന ഏജൻസിയുടെ പരിധിയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്; വിശദമാക്കാമോ ;